# പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2865 18.08.2017 ൽ മറുപടിക്ക്

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ്

**ചോദ്യം**

**ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ**

**ഉത്തരം**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് സമുദായ സംഘടനകളുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ടോയെന്നും അത് നിർബന്ധമാണോയെന്നും വ്യക്തമാക്കുമോ;

(എ) എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് സമുദായ സംഘടനകളുടെ സാക്ഷ്യപത്രം ആവശ്യപ്പെടാറില്ല. സമുദായ സംഘടനകളിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഉള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ വില്ലേജാഫീസർമാരുടെ സ്വതന്ത്രമായ പ്രാദേശിക അന്വേഷണത്തിന്റെയും അപേക്ഷകൻ സമർപ്പിക്കുന്ന രേഖകളുടെയും മാത്രം അടിസ്ഥാനത്തിലാകണം ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടതെന്ന് 01.09.08 ലെ 47261/റ്റി2/08/ആർ.ഡി നമ്പർ കത്ത് പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്.

എന്നാൽ മിശ്രവിവാഹിത ദമ്പതികളിലൊരാൾ എസ്.സി/എസ്.റ്റി സമുദായാംഗമാണെങ്കിൽ അവരുടെ കുട്ടികൾക്ക് എസ്.സി/എസ്.റ്റി ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് 20.11.08 ലെ ജി.ഒ (എം.എസ്) 109/2008/ എസ്.സി.എസ്.റ്റി.ഡി.ഡി നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളിൽ ഒന്ന് അപേക്ഷകൻ ഉൾക്കൊള്ളുന്നു എന്നവകാശപ്പെടുന്ന സമുദായം ടിയാനെ അവയിലൊരാളായി അംഗീകരിക്കുകയും ടി സമുദായത്തിന്റെ ആചാരാനുഷ്ഠാനങ്ങൾക്കനുസരിച്ച് ടിയാൻ ജീവിച്ചു വരികയും ചെയ്യുണമെന്നതാണ്. ആയത് ഉറപ്പുവരുത്തുന്നതിന് മറ്റു മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ സമുദായ സംഘടനകളിൽ നിന്നുള്ള സാക്ഷ്യപത്രം ആവശ്യപ്പെടാറുണ്ട്. കൂടാതെ പട്ടികജാതിയിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം നടത്തിയശേഷം വീണ്ടും ഹിന്ദു/ബുദ്ധ/സിഖ് മതങ്ങളിലേതിലേക്കെങ്കിലും പുനഃപരിവർത്തനം നടത്തുന്ന കേസുകളിലും ഇതേ നിബന്ധന പാലിക്കണമെന്ന് വ്യവസ്ഥയുള്ളതിനാൽ അങ്ങനെയുള്ള കേസുകളിലും സമുദായസംഘടനകളിൽ നിന്നുള്ള സാക്ഷ്യപത്രം ആവശ്യപ്പെടാറുണ്ട്.

(ബി) ഈ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാൻ എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത് എന്ന് വിശദീകരിക്കാമോ?

(ബി) പട്ടികജാതി പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം അപേക്ഷകനും മാതാപിതാക്കളും എസ്.സി/എസ്.റ്റി സമുദായാംഗങ്ങളാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കണം. കൂടാതെ അപേക്ഷകൻ പട്ടികജാതി സമുദായാംഗമാകണമെങ്കിൽ ടിയാൻ ഹിന്ദു/ബുദ്ധ/സിഖ് മതങ്ങളിലേതെങ്കിലും പിൻതുടരുന്നയാൾ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. [ The Constitution (Scheduled Castes) Order 1950/1(C.O.19) ]

സെക്ഷൻ ഓഫീസർ